LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

	ഒഴിവുകൾ അറിയിച്ച തീയതി	ഒഴിവുകളുടെ എണ്ണം
1.	21-2-1998	5
2.	28-6-1999	146
3.	5-7-1999	5
4.	1-12-1999	1
5.	10-3-2000	1
6.	7-4-2000	1
7.	31-7-2000	2
8.	1-12-2000	12
9.	9-2-2001	4
10.	26-3-2001	2
11.	1-7-2001	2
12.	12-7-2001	1
13.	1-11-2002	3

(സി) ആർക്കും നിയമനം നൽകിയിട്ടില്ല.

(ഡി) പരിശീലനം സിദ്ധിച്ച 500-ൽ പരം ലെപ്രസി വിഭാഗം ജീവനക്കാരെ ആരോഗ്യ വകുപ്പിലെ ജനറൽ ഹെൽത്ത് വിഭാഗവുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി വേണ്ടത്ര ഒഴിവുകൾ നിലനിർത്തേണ്ടതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് തൽക്കാലം നിയമനം നടത്തുവാൻ നിർവാഹമില്ല.

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

143 [144] ശ്രീ. ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ തസ്തികയിൽ എത്ര ഒഴിവുണ്ട് എന്നറിയിക്കാമോ;

(ബി) മറ്റ് ജീവനക്കാരുടെ എത്ര തസ്തികകളിൽ ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം വേണ്ടത്ര ലഭിക്കാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നികത്തുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിച്ച് രോഗികൾക്ക് ചികിൽസാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആരോഗ്യ വകുപ്പിൽ 215 ഒഴിവുകളുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി & ഡി) ഡോക്ടർമാരുടെ കുറവുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് നിലവിലുള്ള ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിച്ചുവരുന്നത്.

മറ്റു വകുപ്പുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്.

മെഡിക്കൽ കോളേജിൽ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

144 [145] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് പുതിയ ട്രാൻസ്ഫോർമർ വയ്ക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly